## ജില്ലാതല സെമിനാറുകൾ

കേന്ദ്രം :**കിഴക്കഞ്ചേരി**
വിഷയം : **ഉരുൾപൊട്ടൽ എന്തുകൊണ്ട്? എങ്ങനെ ? സുരക്ഷാ മാർഗ്ഗങ്ങൾ**
അവതരണം : **ഡോ. എസ്. ശ്രീകുമാർ**
(ഡയറക്ടർ, ഐ.ആർ.ടി.സി.)
തിയ്യതി : **നവംബർ 2, വൈകു. 4 മണി**

കേന്ദ്രം :**പട്ടാമ്പി ജി.യു.പി.എസ്.**
വിഷയം : **അതിവൃഷ്ടിയും വരൾച്ചയും**
അവതരണം : **ഡോ. പി. ഇന്ദിരാദേവി**
(ഡയറക്ടർ കേരള കാർഷിക സർവ്വകലാശാല)
തിയ്യതി : **നവംബർ 4, വൈകു. 4 മണി**

കേന്ദ്രം :**പരിഷദ് ഭവൻ, പാലക്കാട്**
വിഷയം : **ഭൂവിനിയോഗവും, സുസ്ഥിര വികസനവും**
അവതരണം : **ഡോ. ജിജു പി. അലക്സ്**
(ഡയറക്ടർ എക്സ്റ്റൻഷൻ വിഭാഗം,
കേരള കാർഷിക സർവ്വകലാശാല)
തിയ്യതി : **നവംബർ 6, വൈകു. 4 മണി**

## സംസ്ഥാന ജാഥാ സ്വീകരണ കേന്ദ്രങ്ങൾ

| | | |
|---|---|---|
| നവംബർ 9 | : | **നെന്മാറ ടൗൺ (ഉദ്ഘാടനം)** |
| നവംബർ 10 | : | **ചിറ്റൂർ (9.00 am)** |
| നവംബർ 10 | : | **കോട്ടായി (11.00 am)** |
| നവംബർ 10 | : | **പത്തിരിപ്പാല (12.30 pm)** |
| നവംബർ 10 | : | **ഒറ്റപ്പാലം (3.00 pm)** |
| നവംബർ 10 | : | **പട്ടാമ്പി (4.30 pm)** |
| നവംബർ 10 | : | **കൂറ്റനാട് (6.00 pm)** |




# സുസ്ഥിര വികസനം സുരക്ഷിത കേരളം

## ജനകീയ ക്യാമ്പയിൻ

**2018 ഒക്ടോബർ – നവംബർ**

- **ജനസംവാദങ്ങൾ**
- **സെമിനാറുകൾ**
- **മേഖലാ പദയാത്രകൾ**
- **തെരുവരങ്ങ്**
- **കാമ്പസ് സംവാദങ്ങൾ**
- **സംസ്ഥാന വാഹന ജാഥകൾ**
- **വികസന സഭ**

**കേരള ശാസ്ത്രസാഹിത്യപരിഷത്ത്**
**പാലക്കാട്**

സുഹൃത്തേ,

സമാനതകളില്ലാത്ത പ്രകൃതിദുരന്തമാണ് ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായത്. ദുരന്തമുഖത്ത് പതറിപ്പോകാതെ സകലവിധ വിയോജിപ്പുകളും മറന്ന് കേരളസമൂഹം ഒറ്റക്കെട്ടായി ദുരിത ബാധിതരെ രക്ഷിക്കാനും അവരുടെ ജീവിതം നിലനിർത്താനും വേണ്ട എല്ലാവിധ സഹായങ്ങളും നല്കി. സർക്കാരിന്റെ നേതൃത്വത്തിൽ തികഞ്ഞ ജനകീയ പങ്കാളിത്തത്തോടെയാണ് എല്ലായിടത്തും പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടന്നത്. ദുരന്തത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കുന്നതിലും അത്തരമൊരു ജനകീയ മുൻകൈ രൂപപ്പെടേണ്ടതുണ്ട്.

ഈ സന്ദർഭത്തിൽ, കേരളത്തെ പുനർനിർമ്മിക്കുകയല്ല പുതിയൊരു കേരളത്തിന്റെ സൃഷ്ടിയാണ് നടക്കേണ്ടതെന്ന സർക്കാർ പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷതകൾ കണക്കിലെടുത്തുവേണം പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ. ശാസ്ത്രവിജ്ഞാനത്തിന്റെയും സാങ്കേതിക വിദ്യകളുടെയും സമുചിതമായ പ്രയോഗത്തിലൂടെ മാത്രമേ നമുക്ക് പുതുകേരളം സൃഷ്ടിക്കാനാവൂ. പുതുകേരള നിർമ്മാണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും വേണം.

സുസ്ഥിരത, തുല്യത, പങ്കാളിത്തം, ജനാധിപത്യം, സുതാര്യത, സാമൂഹ്യ നീതി ഇവയെല്ലാം നാളത്തെ കേരളത്തിന്റെ മുഖമുദ്രകളാകണം. പുതിയ കേരള സൃഷ്ടിയിൽ എന്തൊക്കെ നടക്കണം എന്നതുപോലെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് എന്തൊക്കെ നടക്കാൻ പാടില്ല എന്നതും. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വിവിധ മേഖലകളിലെ വിദഗ്ധരുമായി പലതവണ നടത്തിയ ചർച്ചകളിലൂടെയും കഴിഞ്ഞനാല് പതിറ്റാണ്ടുകാലത്തെ പ്രവർത്തനാനുഭവങ്ങളിലൂടെയും രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ കേരളീയരുടെ സജീവ ചർച്ചയ്ക്ക് വിധേയമാകണം. അതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഒക്ടോബർ നവംബർ മാസങ്ങളിൽ സുസ്ഥിര വികസനം-സുരക്ഷിതകേരളം എന്നപേരിൽ അതിവിപുലമായ ഒരു ജനകീയക്യാമ്പയിന് രൂപം നല്കിയിട്ടുള്ളത്. ജനസംവാദങ്ങളും സെമിനാറുകളും വികസന ജനസഭകളും പദയാത്രകളും സംസ്ഥാനതലത്തിലുള്ള വാഹനജാഥകളും തെരുവരങ്ങുകളും എല്ലാം ചേർന്നതാണ് ക്യാമ്പയിൻ. ഈ ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനായി ഏവരുടേയും പങ്കാളിത്തവും നിർദ്ദേശവും പരിഷത്ത് ആഗ്രഹിക്കുന്നു.

| പ്രസിഡണ്ട് | കൺവീനർ | സെക്രട്ടറി |
|---|---|---|
| **സി. മുഹമ്മദ് മൂസ** | **പി. അരവിന്ദാക്ഷൻ** | **കെ.എസ്. നാരായണൻകുട്ടി** |
| | വികസന ക്യാമ്പയിൻ | |

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, പാലക്കാട് ജില്ലാ കമ്മിറ്റി**

# മേഖലാ പദയാത്രകൾ

| മേഖല | ഉദ്ഘാടന കേന്ദ്രങ്ങൾ | കേന്ദ്രങ്ങൾ (1–ാം ദിവസം) | കേന്ദ്രങ്ങൾ (2–ാം ദിവസം) |
|---|---|---|---|
| ആലത്തൂർ ഒക്ടോബർ 17, 18, 19 | 17 ന് കുനിശ്ശേരി **5 pm** | ആലത്തൂർ സ്വാതി ജംഗ്ഷൻ പഴയസ്റ്റാന്റ്, കഴനിചുങ്കം, അത്തിപ്പൊറ്റ, പഴമ്പാലക്കോട് | മഞ്ഞപ്ര, വടക്കഞ്ചേരി, വള്ളിയോട്, മുടപ്പല്ലൂർ, ചല്ലുപടി, അഞ്ചുമൂർത്തി മംഗലം |
| കൊല്ലങ്കോട് ഒക്ടോബർ 26, 27, 28 | 26 ന് കാമ്പ്രത്തുചള്ള **5 pm** | കൊടുവായൂർ, പുതുനഗരം, കരിപ്പോട്, വടവന്നൂർ, ഊട്ടറ | അളുവാശ്ശേരി, കരിങ്കുളം, പയിലൂർ, കൊല്ലങ്കോട്, നെടുമണി |
| ചിറ്റൂർ ഒക്ടോബർ 26, 27, 28 | 26 ന് കെഴിഞ്ഞാമ്പാറ **5 pm** | മേനോൻപാറ, നല്ലേപ്പിള്ളി മാട്ടുമന്ത, കമ്പിളിചുങ്കം, കച്ചേരിമേട്, അണിക്കോട് | നന്ദിയോട്, വണ്ടിത്താവളം, പട്ടഞ്ചേരി, മേട്ടുപ്പാളയം തത്തമംഗലം |
| കുഴൽമന്ദം ഒക്ടോബർ 26, 27 | 26 ന് തേങ്കുറുശ്ശി **9 am** | തേങ്കുറുശ്ശി, കണ്ണാടി | കുഴൽമന്ദം, മാത്തൂർ, കോട്ടായി |
| പാലക്കാട് ഒക്ടോബർ 26, 27, 28 | 26 ന് റെയിൽവെ കോളനി **5 pm** | ഒലവക്കോട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പുതുപ്പരിയാരം, വള്ളിക്കോട് ജംഗ്ഷൻ, സ്റ്റേഡിയം സ്റ്റാന്റ്, ശേഖരിപുരം | വിവേകോദയം ഗ്രന്ഥശാല, തടുക്കശ്ശേരി, കേരളശ്ശേരി സെന്റർ, മണ്ണൂർ, നഗരിപ്പുറം |
| ചെർപ്പുളശ്ശേരി ഒക്ടോബർ 27, 28 | 27 ന് പൂക്കോട്ടുകാവ് **9 am** | ആറ്റാശ്ശേരി, തൃക്കടീരി, ചെർപ്പുളശ്ശേരി | കടമ്പഴിപ്പുറം ആശുപത്രി ജംഗ്ഷൻ, മണ്ണമ്പറ്റ എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ, കൂട്ടിലക്കടവ്, തോട്ടര LP സ്കൂൾ ജംഗ്ഷൻ, കരിപ്പമണ്ണ |
| ഒറ്റപ്പാലം ഒക്ടോബർ 27, 28 | 27 ന് അമ്പലപ്പാറ **9 am** | മുരുക്കംപൊറ്റ, നെല്ലിക്കുറുശ്ശി, ലക്കിടി കൂട്ടുപാത, ഒറ്റപ്പാലം | പത്തംകുളം, വാണിയംകുളം, മാന്നനൂർ, ത്രാങ്ങാലി, കവളപ്പാറ, കൂനത്തറ, കുളപ്പുള്ളി |
| പട്ടാമ്പി ഒക്ടോബർ 27, 28 | 27 ന് മുളയംകാവ് **5 pm** | കരിങ്ങനാട്, കൊപ്പം അഭയം, തൃത്താലകൊപ്പം, മുതുതല | |
| തൃത്താല നവംബർ 1, 2, 3 | 1 ന് ആനക്കര **5 pm** | കുമരനെല്ലൂർ, പടിഞ്ഞാറങ്ങാടി ആലൂർ | തൃത്താല, മേഴത്തൂർ കൂറ്റനാട്, പിലാക്കാട്ടിരി |
| മണ്ണാർക്കാട് നവംബർ 3, 4 | 3 ന് കോട്ടോപ്പാടം ജംഗ്ഷൻ **9 am** | വേങ്ങ, അരിയൂർ, ചുങ്കം, പള്ളിക്കുന്ന്, കുന്തിപ്പുഴ | മണ്ണാർക്കാട് ബൈപാസ്, അരയംകോട്, മണലടി, തെങ്കര |